## മകരവിളക്ക് തെളിയിക്കുന്നതിനുള്ള അവകാശം

**ശ്രീ. ഒ. രാജഗോപാൽ:** സർ, ഇതുമായി ബന്ധപ്പെട്ട് ഒരു അനാവശ്യവിവാദമുണ്ടാക്കാൻ വേണ്ടി ശ്രമിക്കുകയാണ്. എനിക്ക് പറയാനുള്ളത്: ശബരിമലയിൽ മകരവിളക്ക് എന്നുള്ള ഒരു ഉത്സവ പരിപാടിയുണ്ട്. അതിന്റെ പ്രധാനപ്പെട്ട ചടങ്ങ് വിളക്ക് തെളിയിക്കുക എന്നുള്ളതാണ്. അതിനെപ്പറ്റി സങ്കൽപ്പങ്ങളിൽ പലർക്കും പലതും ഉണ്ടാകുമായിരിക്കാം. പക്ഷെ നടക്കുന്ന കാര്യമെന്തെന്നാൽ ചില ആൾക്കാർ അത് കൊളുത്തുന്നു എന്നുള്ളതാണ്. അത് വസ്തുതയുമാണ്. സത്യം സത്യമായി കണ്ടുകൊണ്ട് നമ്മൾ വിലയിരുത്താൻ തയ്യാറാകണം. നിർഭാഗ്യവശാൽ സംഭവിച്ചിട്ടുള്ള കാര്യമെന്നത് അവിടെ പരമ്പരാഗതമായി വനങ്ങളിൽ താമസിക്കുന്ന ആൾക്കാരാണ് ഇത് ചെയ്തുകൊണ്ടിരുന്നത്. അത് വളരെക്കാലമായി ചെയ്യുന്നു, അതിൽ അത്ഭുതമൊന്നുമില്ല. പക്ഷേ ഇപ്പോൾ സർക്കാരും ദേവസ്വവുമെല്ലാം ഇടപെട്ട് അതൊരു ഔദ്യോഗിക പരിപാടിയായി ചില ഉദ്യോഗസ്ഥന്മാരെയെല്ലാം കൊണ്ടുപോയി ചെയ്യുന്നതായിട്ടുള്ള ഒരു സാഹചര്യം വന്നിരിക്കുന്നു. നാട്ടുകാർക്ക് അവർ പരമ്പരാഗതമായി ചെയ്യുന്ന

ആ അവകാശം അവർക്ക് കിട്ടണം എന്നതാണ്. ഇത് ആദിവാസി വിഭാഗത്തിന്റെ വളരെ ന്യായമായ ഒരാവശ്യമാണ്. അതുകൊണ്ട് അവർക്കത് അനുവദിച്ചു കൊടുക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, അതിപുരാതനകാലം മുതൽ ശബരിമലയുൾപ്പെടെയുള്ള പതിനെട്ട് മലകളിലും അതിവസിച്ചിരുന്ന ഗോത്രവിഭാഗക്കാരാണ് മലയരയർ. മകരസംക്രമണനാളിൽ പൊന്നമ്പലമേട്ടിൽ ആചാരപരമായി നടത്തിവന്നിരുന്ന മകരവിളക്ക് തെളിയിക്കൽ, മണ്ഡലക്കാലത്ത് ശബരിമല ക്ഷേത്രത്തിലെ ശ്രീ അയ്യപ്പ പ്രതിഷ്ഠയിൽ തേൻ അഭിഷേകം എന്നിവ മലയരയ സമുദായത്തിലെ പൂജാരിമാരാണ് നടത്തിയിരുന്നത്. ഐക്യ മലയരയ മഹാസഭയും മലയരയ ആത്മീയപ്രസ്ഥാനമായ ശ്രീ അയ്യപ്പധർമ്മ സംഘവും ചേർന്ന് നൽകിയ നിവേദനത്തിലും അഖില തിരുവിതാംകൂർ മലയരയ മഹാസഭയുടെ നിവേദനത്തിലും ഇത് അറിയിച്ചിട്ടുണ്ട്. പിന്നീട് വന്ന പരിഷ്ക്കാരങ്ങളുടെ പേരിൽ ഈ ആചാരങ്ങൾ ഒഴിവാക്കപ്പെട്ടു. മലയരയരുടെ പൂർവ്വികർ ആചാരപരമായി നിർവ്വഹിച്ചുവന്നിരുന്ന മകരവിളക്ക് തെളിയിക്കൽ

മലയരയർക്ക് തിരികെ നൽകണമെന്നും നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മകരവിളക്ക് തെളിയിക്കലിന് മലയരയർക്കുള്ള അവകാശം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ശ്രീമാൻമാർ ശ്രീനി പട്ടത്താനവും പ്രൊഫ. കെ. ഡി. സുധാകരനും ഫയൽ ചെയ്ത WP(C) 2361/2011-ാം നമ്പർ കേസിൽ 25-04-2011-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ പൊന്നമ്പലമേട്ടിലെ ക്ഷേത്രാവശിഷ്ടങ്ങളിൽ നിന്നും പുരാതനകാലത്ത് ഇവിടെ ദിവസേന പൂജയുണ്ടായിരുന്നതായും ക്ഷേത്രം ജീർണ്ണിച്ചതിനുശേഷവും ആ പ്രദേശത്ത് ജീവിച്ചിരുന്ന ആദിവാസികൾ അവിടെ മകരസംക്രാന്തി നാളിലെ ദീപാരാധനയുൾപ്പെടെ പൂജാകർമ്മങ്ങൾ തുടർന്നുവന്നുയെന്നും കാലക്രമേണ ആദിവാസികൾ അവിടെ നിന്നും ഒഴിപ്പിക്കപ്പെട്ടുവെന്നും പരാമർശിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്കുമുമ്പ് പൊന്നമ്പലമേട്ടിൽ മകരസംക്രാന്തിനാളിലെ ദീപം തെളിയിക്കൽ പോലെയുള്ള പൂജാദികർമ്മങ്ങളിൽ ആദിവാസികളായ മലയരയ വിഭാഗം മുഖ്യപങ്ക് വഹിച്ചിരുന്നു എന്ന് ഇതിൽനിന്നും വ്യക്തമാണ്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം മകരവിളക്ക് മഹോത്സവനാളിൽ മകരവിളക്ക് തെളിയിക്കൽ കർമ്മമടക്കമുള്ള ചടങ്ങുകൾ നിർവ്വഹിക്കുന്ന കാര്യത്തിൽ

മലയരയവിഭാഗത്തിന്റെ പ്രാതിനിധ്യം സംബന്ധിച്ച് ഉചിതമായൊരു തീരുമാനം ഗവൺമെന്റ് കൈകൊള്ളുന്നതാണ്.

മി. സ്പീക്കർ: അങ്ങ് എഴുന്നേറ്റ് നിൽക്കുന്നത് എന്തിനാണ്? ക്രമപ്രശ്നമാണെങ്കിൽ പറയൂ.

ശ്രീ. പി. സി. ജോർജ്: സർ, ഇവിടെ വിശ്വാസപരമായി ഒരു തെറ്റിദ്ധാരണയുണ്ടായി. മകരജ്യോതിയും മകരവിളക്കും രണ്ടാണ്. മകരവിളക്കിന്റെ കാര്യമാണ് ബഹുമാനപ്പെട്ട ഒ. രാജഗോപാൽ പറഞ്ഞത്. അതിനെ സംബന്ധിച്ചാണ് മന്ത്രി മറുപടി പറഞ്ഞത്. മകരജ്യോതിയെന്നുപറയുന്നത് നക്ഷത്രമാണ്. അതാണ് വിശ്വാസപരമായ കാര്യം. മകരവിളക്ക് ദീപം തെളിയിക്കുന്നതാണെന്ന് എല്ലാവർക്കുമറിയാം. 1930-വരെ പാവപ്പെട്ട ആദിവാസി ജനങ്ങളാണ് ചെയ്തിരുന്നത്.

മി. സ്പീക്കർ: അതിന്റെ സൈദ്ധാന്തിക തർക്കത്തിലേയ്ക്ക് പോകണ്ട.